*24-06-2026*
*Question Hour*

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി**

(*61) ശ്രീമതി ഉഷ വിജയൻ:
ശ്രീ. കെ. പ്രവീൺ കുമാർ:
ശ്രീ. കെ. എം. അഭിജിത്ത്:
ശ്രീ. സന്ദീപ് വാര്യർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവികൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന്റെ കാരണം ശാസ്ത്രീയമായി പഠനവിധേയമാക്കി പരിഹാരമാർഗങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വന്യജീവി സാന്നിധ്യം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, (എ & സി) വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്.

മൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽതന്നെ നിലനിർത്തുക (Containment), മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക (Mitigation) എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾമൂലം നാശനഷ്ടം സംഭവിക്കുന്നപക്ഷം, അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-

ജല ലഭ്യത കൂട്ടുക, സൗരോർജവേലികൾ സ്ഥാപിക്കുക, AI, ഡ്രോൺ എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുതപ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജപ്പെടുത്തുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ള നഷ്ടപരിഹാരവും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) വനങ്ങളുടെ വാഹകശേഷി കണക്കാക്കാനും വന്യജീവികൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പഠിക്കാനുമായി ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി വനം വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

<u>ശ്രീമതി ഉഷ വിജയൻ</u>: സർ, എല്ലാവർക്കും എന്റെ വിനീതമായ നമസ്കാരം. മാനന്തവാടി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്താൽ 13 മരണവും 55 പേർക്ക് പരിക്കും സംഭവിച്ചിട്ടുണ്ട്. ജനസാന്ദ്രത കൂടിയ വനാതിർത്തികളിൽ വന്യജീവി ആക്രമണം തടയുന്നതിന് ഫെൻസിങ്, കിടങ്ങുകൾ എന്നിവ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, വനാതിർത്തികളിലെ വന്യജീവി ആക്രമണം തടയുന്നതിന് സോളാർ/ഹാങ്ങിങ് എന്നിങ്ങനെ പല മോഡലുകളിൽ ഫെൻസിങ്ങ് പരീക്ഷിച്ചിട്ടുണ്ട്. എന്നാൽ പല ഘട്ടങ്ങളിലും ഇതൊന്നും പര്യാപ്തമായി കാണുന്നില്ല. അതുകൊണ്ട് സമഗ്രമായ ഒരു comprehensive integrated പദ്ധതിക്ക് രൂപം കൊടുക്കുകയാണ്. ശാസ്ത്രീയമായിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വന്യജീവി ആക്രമണം തടയാനുള്ള പദ്ധതികളാണ് നിലവിൽ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീമതി ഉഷ വിജയൻ</u>: സർ, സ്ഥിരം അക്രമകാരികളും ജനവാസ കേന്ദ്രങ്ങൾക്ക് ഭീഷണിയാകുന്നതുമായ വന്യജീവികളെ കൊല്ലുന്നതിന് നിലവിലുള്ള നിയമവ്യവസ്ഥ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് പ്രസ്തുത നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

*24-06-2026*
*Question Hour*

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, നിലവിൽ അങ്ങനെയൊരു നിയമം ഇല്ല. വന്യജീവികളെ കൊല്ലാൻ നമുക്ക് അധികാരമില്ല. ഷെഡ്യൂൾ 1 & 2 കാറ്റഗറിയിൽ വരുന്ന മൃഗങ്ങളെ കൊല്ലുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന് അനുമതി നൽകാവുന്നതാണ്. ഷെഡ്യൂൾ 2-ൽ ഉൾപ്പെടുന്ന പന്നി പോലുള്ളവയുടെ ആക്രമണമുണ്ടായാൽ പഞ്ചായത്ത് പ്രസിഡന്റുമാരെ ഓണററി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആയി പ്രഖ്യാപിച്ചുകൊണ്ട് അവയെ കൊല്ലാനുള്ള അധികാരം നൽകുകയാണ് ചെയ്യുന്നത്. കേന്ദ്ര വനം വകുപ്പുമന്ത്രി പാർലമെന്റിലടക്കം പറയുന്നത് അപകടകാരികളായിട്ടുള്ള മൃഗങ്ങളെ കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ടെന്നാണ്. എന്നാൽ വന്യജീവികളെ വെടിവച്ച് കൊല്ലുന്നതിന് മുമ്പുള്ള നടപടിക്രമമെന്തെന്നാൽ, ആദ്യം അവയെ തുരത്തിയോടിക്കാൻ ശ്രമിക്കണം, പിന്നെ പിടികൂടാൻ ശ്രമിക്കണം ഇത് നടന്നില്ലെങ്കിൽ മയക്കുവെടി വച്ച് പിടികൂടണം. ഇവയൊന്നും നടന്നില്ലെങ്കിൽ മാത്രമാണ് കൊല്ലേണ്ടത്. മാത്രമല്ല ഒരു സമിതി കൂടി വേണം ഇപ്രകാരം തീരുമാനമെടുക്കാൻ.

കടുവ ഒരു വ്യക്തിയെ കൊലപ്പെടുത്തിയാൽ, അത് പിന്നിൽനിന്ന് വന്ന് കൊന്നതാണെന്നും മാംസം ഭക്ഷിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തിയതിന് ശേഷമേ കടുവയെ man-eater ആയി പ്രഖ്യാപിക്കാൻ കഴിയുകയുള്ളൂ. ഇതൊക്കെയാണ് നിയമ തടസ്സങ്ങളായി നിൽക്കുന്നത്. വന്യജീവികളെ കൊല്ലാമെന്ന് പാർലമെന്റിൽ പറയുന്നുണ്ടെങ്കിലും പ്രായോഗികമായി അത് സാധ്യമല്ല. അതുകൊണ്ട് തീർച്ചയായും വരുംദിവസങ്ങളിൽ ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും സാധ്യതകളും കേന്ദ്രവുമായി ചർച്ച ചെയ്യുന്നതായിരിക്കും.

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: സർ, വന്യജീവികളിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വനം വകുപ്പിലും ദ്രുതപ്രതികരണ സംഘത്തിലും ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, സമഗ്രമായ ഒരു പരിഷ്കരണം ആവശ്യമാണ്. വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഞാൻ കഴിഞ്ഞ ദിവസവും പറഞ്ഞു, കേരളത്തിന്റെ ദേശീയപാത വടക്കുനിന്ന് തെക്കുവരെ 600 കി.മീ. ആണെങ്കിൽ 6000-ൽപ്പരം കി.മീ. ആണ് കേരളത്തിനുള്ളിലെ വനാതിർത്തി. വളരെ പരിമിതമായ സാഹചര്യത്തിലാണ് വനം വകുപ്പ്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2026-27 സാമ്പത്തിക വർഷത്തെ വനം വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും പര്യാപ്തമല്ലെങ്കിലും മെച്ചപ്പെട്ട രീതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റുമുള്ള ഫണ്ട് ഇത്തവണത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പരിഷ്കരണവുമായി മുന്നോട്ടുപോകും.

<u>ശ്രീ. കെ. എം. അഭിജിത്ത്</u>: സർ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തി മേഖലയിൽ ജനപങ്കാളിത്തത്തോടെ ദീർഘകാലാടിസ്ഥാനത്തിൽ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; നടപടികൾ വിശദീകരിക്കാമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, വനാതിർത്തിയിലുള്ള ജനങ്ങളെയും പഞ്ചായത്തുകളെയും പങ്കാളികളാക്കി മാത്രമേ പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ജനജാഗ്രതാ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ഒരു പരിധിവരെ ആശ്വാസം നൽകുന്നുണ്ട്. എന്നാൽ ചിലയിടങ്ങളിൽ അതുണ്ടാകുന്നില്ല. കേരളത്തിന്റെ 6000 കി.മീ. വരുന്ന വനാതിർത്തിയിൽ പരിമിതമായ ജീവനക്കാരെ ഉപയോഗിച്ച് ഫെൻസിങ് ഉൾപ്പെടെയുള്ളവ മെയിന്റയിൻ ചെയ്യാൻ പ്രയാസമാണ്. സോളാർ ഫെൻസിങ്ങിന്റെ ഏറ്റവും വലിയ പ്രശ്നം പോച്ചയും പുല്ലും വളർന്നുകയറിയാൽ ഉടൻ വോൾട്ടേജ് ഡ്രോപ്പുണ്ടാകുമെന്നതാണ്. അതിലൂടെ കൃത്യമായി ആനയിറങ്ങും. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ വനം വകുപ്പ് അസറ്റ് ഇടുകയും 'ഒരു നല്ല അയൽക്കാരൻ' എന്നുള്ള സമീപനത്തിൽ പഞ്ചായത്ത് മെയിന്റനൻസ് നടത്തുകയും ചെയ്താൽ ഈ പ്രശ്നം കുറെയേറെ പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. സന്ദീപ് വാര്യർ</u>: സർ, നമ്മുടെ നാടിന്റെ ഖജനാവിന് വലിയ തോതിൽ സംഭാവന ചെയ്തിട്ടുള്ളതും നാടിനെ മുന്നോട്ട് നയിച്ചിട്ടുള്ളതുമായ മലയോരമേഖലയിലെ കർഷകർ ഇന്ന് വലിയ പ്രയാസം അനുഭവിക്കുകയാണ്. ഒന്ന് കാർഷിക ഉൽപന്നങ്ങൾക്ക് വിലയില്ല, അതിനുപുറമെയാണ് വന്യമൃഗങ്ങളുടെ ശല്യവും. എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ പാലാവയൽ വില്ലേജിൽ ഏകദേശം മൂന്നര കിലോമീറ്റർ സോളാർ ഹാങ്ങിങ് ഫെൻസും ബാക്കി നാല് കിലോമീറ്റർ സാധാരണ

ഫെൻസിങ്ങുമാണുള്ളത്. അത് മെയിന്റനൻസ് ഇല്ലാതെ തകർന്നതുകൊണ്ട് കർണ്ണാടക വനത്തിൽനിന്ന് കാട്ടാനകൾ വന്ന് വലിയതോതിൽ കാർഷികോൽപന്നങ്ങൾ നശിപ്പിക്കുകയും മനുഷ്യർക്ക് വലിയ പ്രയാസങ്ങളുണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ പന്നികൾ വിളകൾ നശിപ്പിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്യുന്നുണ്ട്. കുരങ്ങിന്റെ ശല്യത്താൽ നാളികേര കർഷകർ വലിയ പ്രയാസത്തിലാണ്. ബാക്കിയുള്ള പ്രദേശങ്ങളിൽക്കൂടി ഹാങ്ങിങ് സോളാർ ഫെൻസിങ് വേണമെന്നാണ് കർഷകരുടെ ആവശ്യം. അത് നടപ്പിലാക്കുമോ; കൂടാതെ വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വളരെ ചെറിയ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. പ്രസ്തുത തുക ലഭിക്കാനും വളരെ പ്രയാസമുണ്ട്. അത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. അവിടെ കർഷകർ പലായനം ചെയ്യുന്ന അവസ്ഥയിലാണ്. ഭൂമിക്ക് വില കിട്ടാത്തതിനാൽ അവർക്ക് അത് വിൽക്കാൻ കഴിയുന്നില്ല. ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗങ്ങൾക്ക് മറ്റിടങ്ങളിലേയ്ക്ക് പോകാൻ നിവൃത്തിയില്ലാത്തതുകൊണ്ട് വന്യമൃഗങ്ങളുടെ ശല്യത്തിന് അവർ വിധേയരാവുകയാണ്. മറ്റൊന്ന് കാട്ടാനകൾ കേരളത്തിലാകെ പ്രശ്നമുണ്ടാക്കുന്നുണ്ട് എന്നുള്ളതാണ്. കേരളത്തിലെ വനമേഖലയ്ക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ ആനകളുടെ എണ്ണം പെരുകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ പഴയതുപോലെ കാട്ടാനകളെ മെരുക്കി നാട്ടാനയാക്കി ക്ഷേത്രോത്സവങ്ങൾക്കായി പരിഗണിച്ചുകൂടേ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട പുതിയ അംഗം മൂന്ന് ചോദ്യങ്ങളാണ് ഉന്നയിച്ചത്. വന്യജീവിശല്യം തടയുന്നതിന് സോളാർ, ഹാങ്ങിങ് ഫെൻസിങ്ങുകൾ പര്യാപ്തമാണെന്ന അഭിപ്രായം നമുക്കില്ല. ബുദ്ധിയുള്ള ഒരു ജീവിയായ ആന ഇതിനെയെല്ലാം മറികടക്കുന്ന തന്ത്രങ്ങൾ മെനയുന്നുണ്ട്. മികച്ച ഒരു സോളാർ ഫെൻസിന്റെ അപാകത ഞാൻ സൂചിപ്പിക്കാം. സോളാർ ഫെൻസ് ആയതുകൊണ്ട് വെളുപ്പാൻകാലം വോൾട്ടേജ് ഡ്രോപ്പ് ഉണ്ടാകും. ആന വന്ന് കാലുകൊണ്ട് ചെറുതായി തട്ടിനോക്കും. ഫെൻസിന് വോൾട്ടേജ് ഡ്രോപ്പുണ്ടാകുന്ന വെളുപ്പിന് നാല് മണി സമയത്ത് ഒറ്റ ചവിട്ടിൽ വേലി മറിച്ചിട്ട് ആന ജനവാസമേഖലയിലേക്ക് വരും. ഇതൊക്കെ പൂർണ്ണമായും ഫലപ്രദമാണെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് ഒരു comprehensive integrated പ്ലാൻ

തയ്യാറാക്കണം. ഏറ്റവുമധികം സംഘർഷമുള്ള മേഖലകളിൽ നിലവിലുള്ളതിനെക്കാൾ സുരക്ഷിതമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി പല പരീക്ഷണങ്ങളും നേരത്തെ നടന്നിട്ടുണ്ട്. കർഷകന് നൽകുന്ന നഷ്ടപരിഹാരത്തുക പര്യാപ്തമാണെന്ന അഭിപ്രായം സർക്കാരിനില്ല. അതിനൊരു പുതിയ പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതിന്റെ പരിഷ്കാരം വരും ദിവസങ്ങളിലുണ്ടാകും. കാട്ടാനയെ നാട്ടാനയാക്കുന്നത് സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമല്ല.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ഈ വിഷയം വളരെ നന്നായി വേഗത്തിൽ പഠിച്ചെടുക്കുന്നുണ്ട്. വനാതിർത്തി പ്രദേശങ്ങളിലെ കാട്ടാനശല്യം സംബന്ധിച്ച് ഇന്നലെ ഞാൻ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് എല്ലാവരും സംയുക്തമായി ആലോചിക്കേണ്ടതാണ്. ചേലക്കരയിൽ ഇന്നലെ രാത്രി വീട്ടുമുറ്റത്തും പുറകിലുമെല്ലാം കാട്ടാനയുടെ സാന്നിധ്യം കണ്ടതുകാരണം ആളുകൾ വലിയ ഭീതിയിലാണ്. പീച്ചിഭാഗത്തുനിന്നാണ് കാട്ടാനകൾ ചേലക്കരയിലേക്ക് വരുന്നത്. ഈ കാട്ടാനകൾ വരുന്നത് ചെറിയൊരു ഭാഗത്തുകൂടിയാണ്. ഇതുസംബന്ധിച്ച് വിളിച്ചുകൂട്ടിയ ഉദ്യോഗസ്ഥതലയോഗത്തിൽ ആനകളെ ഉൾക്കാട്ടിലേയ്ക്ക് വിട്ടതിനുശേഷം ആ ഭാഗത്ത് ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കണമെന്ന നിർദേശമാണ് ഉയർന്നുവന്നിട്ടുള്ളത്. ഇതിനുവേണ്ടി വരുന്ന ചെലവ് എം.എൽ.എ. ഫണ്ടിൽനിന്നും വഹിക്കാൻ കഴിയും. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടൽ നടത്താൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇതുസംബന്ധിച്ച് ഇന്നലെ മറുപടി നൽകിയിരുന്നു. ചേലക്കരയിലെ വിഷയം, ആനകൾ കാട്ടിൽനിന്ന് ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്നതല്ല, കുതിരാൻ തുരങ്കം നിർമ്മിച്ച അവസരത്തിൽ 14 ആനകൾ ഇപ്പുറത്ത് പെട്ടുപോയതാണ്. അന്നവിടെ റെയിൽഫെൻസ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ആനത്താര മുറിയുമെന്ന് പറഞ്ഞ് നടപ്പാക്കിയില്ല. അതിനുശേഷം അവിടെ സോളാർ ഫെൻസിങ്

സ്ഥാപിച്ചു. ആ സമയത്ത് ഇപ്പുറത്ത് ഇറങ്ങിയ 14 ആനകളിൽ രണ്ടെണ്ണം തിരിച്ചുപോയി. ബാക്കി 12 എണ്ണം ഇപ്പോഴും അവിടെത്തന്നെയുണ്ട്. അവയ്ക്ക് തിരിച്ചുപോകാൻ കഴിയാത്ത അവസ്ഥയാണ്. ആനകളെ അവിടെനിന്നും മാറ്റുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്താം. ഇവ മറ്റ് ജനവാസ മേഖലകളിലേയ്ക്ക് പോകാതെ നോക്കുന്നതുൾപ്പെടെ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് ഒത്തിരി പരിമിതികളുണ്ട്. അതിരപ്പിള്ളിയിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരു മരണം സംഭവിച്ചതിനെത്തുടർന്ന് 100 പേരടങ്ങിയ ഒരു സ്പെഷ്യൽ ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇതിനെല്ലാമുള്ള ഫോഴ്സ് വകുപ്പിനില്ല. 500 പേരുടെ സ്പെഷ്യൽ ഫോഴ്സ് രൂപീകരിക്കാനുള്ള കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. തീവ്രതയ്ക്കനുസരിച്ച് ഓരോ മേഖലയായി പരിഗണിക്കാം.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, വന്യമൃഗശല്യത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കാലോചിതവും സാങ്കേതികവിദ്യയുടെ സഹായത്തോടെയുമുള്ള നൂതന പദ്ധതികളും ആവിഷ്കരിച്ച് ദൂരവ്യാപകമായി അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനുംവേണ്ടിയുള്ള ആത്മാർത്ഥ ശ്രമങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നത് സ്വാഗതാർഹമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ഈ മേഖലയിലെ എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ചർച്ചകൾ നടത്തിയിട്ടുണ്ട്. AI ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികളും വളരെ പ്രധാനപ്പെട്ടതാണ്. ഇതിനെ വളരെ പ്രതീക്ഷയോടുകൂടി നോക്കികാണുകയാണ്. അനുവദിക്കപ്പെട്ട ഫണ്ടുകൾപോലും സമയത്ത് വിനിയോഗിച്ച് ഫെൻസിങ്ങ് ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സംവിധാനമില്ലാത്തതാണ് നിലവിലെ പ്രതിസന്ധി. അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ ആളില്ല. അതുസംബന്ധിച്ച് യുദ്ധകാലാടിസ്ഥാനത്തിലുള്ള തീരുമാനം പ്രതീക്ഷിക്കാമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, നേരത്തെ ഇതുസംബന്ധിച്ച് സൂചിപ്പിച്ചു. ഇതിന് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. അത് mitigate ചെയ്യാൻ സാധിക്കുന്ന

നിലയിലേക്ക്. ഇപ്പോൾ AI പോലുള്ള സംവിധാനങ്ങളുണ്ട്. integrated conflict zone-ൽ മൂന്ന് ലെയറുകളാണ് ഉദ്ദേശിക്കുന്നത്. ആദ്യ ലെയറിൽ AI Tools-ഉം രണ്ടാമത്തെ ലെയറിൽ Hanging Solar Fencing- ഉം മൂന്നാമത്തെ ലെയറിൽ ബൃഹത്തായ അതായത് high conflict ഉള്ള സ്ഥലങ്ങളിൽ (സ്ഥിരമായി ആന ഇറങ്ങുന്ന സ്ഥലങ്ങൾ) ഇത്തരം സംവിധാനങ്ങൾ നടപ്പാക്കാം. ഇതിന് ചെലവ് വളരെ കൂടുതലാണ്. കാട്ടാന ശല്യം കൂടുതലായി അനുഭവപ്പെടുന്ന ഏരിയകളെക്കുറിച്ച് വകുപ്പ് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ നാച്വറൽ ഡിഫൻസ് എന്നുപറയുന്നത് തേനീച്ച കൂടുകളാണ്. പക്ഷെ, തേനീച്ച കൂടുകൾ വയ്ക്കുന്ന ഭാഗത്ത് കരടി ഇറങ്ങുകയോ Honey badger-കൾ ഇറങ്ങി കൃഷി നശിപ്പിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടാകാം. ഇതിന്റെ രണ്ടുമൂന്നുവശങ്ങളെക്കുറിച്ച് പരിശോധിച്ചിരുന്നു. അതിലെ ഒരു മോഡലിൽ ജനവാസമേഖലയിൽ AI ടൂൾസ് ഉപയോഗിച്ച് തേനീച്ചകളുടെ ബസ്സിങ് ശബ്ദമുണ്ടാക്കി ആനയെ വിരട്ടിയോടിക്കുന്ന രീതി പരീക്ഷിച്ചിരുന്നു. രണ്ടുമൂന്ന് തവണ ആനകൾ ഓടിപ്പോയെങ്കിലും പിന്നീട് ഈ ടൂൾസ് നശിപ്പിച്ച് ജനവാസമേഖലയിലേയ്ക്ക് വീണ്ടും ഇറങ്ങി. അതുകൊണ്ട് ഈ വിഷയത്തിതിനൽ വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഇക്കഴിഞ്ഞ 22 ജൂൺ 2026 തിങ്കളാഴ്ച നിയമസഭാ നടന്നുകൊണ്ടിരിക്കുമ്പോൾ എന്റെ നിയോജകമണ്ഡലമായ പുതുക്കാടിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ കള്ളിച്ചിത്ര ആദിവാസി ഉന്നതിയിലെ ഊരുമൂപ്പനായ ശ്രീ. ഗോപാലനെ കാട്ടാന ആക്രമണത്തിൽ ഗുരുതര പരിക്കുകളോടെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് ശസ്ത്രക്രിയ നടത്താൻപോലും കഴിയാത്ത രീതിയിൽ മുഖമൊക്കെ വികൃതമായിരിക്കുകയാണ്. കൂടാതെ വിദ്ഗ്ധ ചികിത്സയ്ക്കും മറ്റ് സാമ്പത്തിക സഹായത്തിനും വളരെയധികം പ്രയാസപ്പെടുന്ന സ്ഥിതിയുമാണ്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് അദ്ദേഹത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിന് വനം വകുപ്പ് തയ്യാറാകുമോ; വിശദമാക്കുമോ?

*24-06-2026*
*Question Hour*

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, തീർച്ചയായും ഇക്കാര്യം പരിശോധിക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ മുൻകാലങ്ങളിൽ ആദ്യം 30,000 രൂപയും ഫൈനൽ ബിൽ വന്നതിനുശേഷം 70,000 രൂപയും നൽകുകയാണ് ചെയ്യുന്നത്. വന്യജീവി ആക്രമണംമൂലം കോതമംഗലത്ത് ഇത്തരമൊരു സംഭവമുണ്ടായപ്പോൾ 1,00,000 രൂപയിൽ 30,000 രൂപ ആദ്യതവണയായും 70,000 രൂപ രണ്ടാംതവണയായും ആശുപത്രിയിൽ കിടക്കുമ്പോൾതന്നെ വനം വകുപ്പിൽനിന്നും ധനസഹായം നൽകി. ശേഷമുള്ള തുക എസ്.ഡി.ആർ.എഫ്-ൽനിന്നും കൊടുക്കാനുള്ള പ്രൊവിഷനുണ്ട്. എങ്കിലും നിലവിൽ ബിൽ സബ്മിറ്റ് ചെയ്യുന്നമുറയ്ക്കാണ് എസ്.ഡി.ആർ.എഫ്-ൽനിന്നും തുക കൊടുക്കുന്നത്. രണ്ടര ലക്ഷം രൂപയാണ് അതിന് പരിധി വച്ചിട്ടുള്ളതാണെന്നാണ് എന്റെ ഓർമ്മ. അതിനേക്കാൾ കൂടുതലാണെങ്കിലും ചെയ്യാനുള്ള പ്രൊവിഷനുണ്ട്. Containment, Mitigation, Speedy Compensation എന്ന നിലയിൽ മൂന്നാമത്തെ ഭാഗത്ത് വരുന്നത് അവർക്ക് പ്രയോജനകരമായി സമയബന്ധിതമായി തുക എത്തിക്കാനുള്ള സംവിധാനമുണ്ടോയെന്നുള്ളത് പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം ഇതുമായി ബന്ധപ്പെട്ട വ്യക്തമായ ഒരു നോട്ട് നൽകുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ടി. പി. അഷ്റഫ് അലി:</u> സർ, ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുവേണ്ടി എംപാനൽഡ് ഷൂട്ടർമാരുണ്ടെങ്കിലും നിലവിൽ മതിയായ എണ്ണം ഷൂട്ടർമാരില്ല. ഇത്തരം എംപാനൽഡ് ഷൂട്ടർമാരുടെ എണ്ണം വർധിപ്പിക്കാൻ വനംവകുപ്പിന് പദ്ധതിയുണ്ടോ; അതുപോലെ നിലവിൽ ഇതിന്റെ ലൈൻസിന് അനുമതി ലഭിക്കാത്തതിനാൽ പെൻഡിങ്ങുള്ള ധാരാളം കേസുകളുണ്ട്. ഒരു വർഷം 200 റൗൺസാണ് അനുവദിച്ചിട്ടുള്ളത്. റേഞ്ചർമാർ 100 എണ്ണം മാത്രമെ അനുവദിക്കുകയുള്ളൂ, ആദ്യം അമ്പത് എണ്ണമെ നൽകുന്നുള്ളൂ. അതുകൊണ്ട് ഇത്തരത്തിലുള്ള വലിയ പ്രതിസന്ധിമൂലം ഈ കാട്ടുപന്നികളുടെ ആക്രമണത്തെ തടയാൻ കൃത്യമായി കഴിയുന്നില്ലെന്നുള്ള പരാതിയുണ്ട്. ഇക്കാര്യത്തിൽ ഇടപെടാൻ സാധിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, വനം വകുപ്പിന്റെ കണക്കുപ്രകാരം കാട്ടുപന്നി കാട്ടിലുള്ളതിനേക്കാൾ കൂടുതൽ കാടിനുപുറത്താണ്. കാട്ടുപന്നി എന്ന പേര് മാത്രമുണ്ടെങ്കിലും

പ്രസവിച്ചതും ജീവിച്ചതും വളർന്നതുമൊക്കെ നാട്ടിൽത്തന്നെയാണെന്നതാണ് അതിന്റെ സ്ഥിതി. അതിന്റെ ശല്യം കാരണം പലപ്രാവശ്യം കേന്ദ്രസർക്കാരിനോട് വെർമിനായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടങ്കിലും അതിനുള്ള അനുമതി ലഭിച്ചിട്ടില്ല. എംപാനൽഡ് ഷൂട്ടർമാരുടെ ഒരു പോരായ്മയുണ്ട്. പല ഗ്രാമപഞ്ചായത്തുകളിലും ഷൂട്ടർമാരില്ല. അതേസമയം ലൈസൻസ് കൊടുക്കണമെന്ന ആവശ്യം ആ മേഖലയിൽനിന്ന് വന്നിട്ടുണ്ട്. ഗൺ ലൈസൻസ് കുറെനാളുകളായി അനുവദിക്കുന്നില്ല. ഒരർഥത്തിൽ പറയുകയാണെങ്കിൽ, കർഷകരുടെ കൈ കെട്ടിയിട്ടുകൊണ്ടാണ് ഇതിനെ നേരിടാൻ പറയുന്നത്. ഗൺ ലൈസൻസ് കൊടുക്കുമ്പോൾ വനവും പ്രകൃതിയും സംരക്ഷിക്കേണ്ടി വരുന്നതിനാൽ സർക്കാർതലത്തിൽ ഇതിന് ഉചിതമായ തീരുമാനമെടുക്കും. അതിനാൽ റൈഫിൾ ക്ലബ്ബുകളെയെല്ലാം സഹകരിപ്പിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണം വകുപ്പിന് ആവശ്യമാണ്. ഇപ്പോൾ കാട്ടുപന്നി ശല്യം കുറയ്ക്കാൻവേണ്ടി 100 ദിനപരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. അതിന് ഷോർട്ടേജ് എവിടെയാണെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ മറ്റ് മേഖലയിൽനിന്നുള്ളവരെ ജനവാസമേഖലയിലേയ്ക്ക് ഡിപ്ലോ ചെയ്യാനുള്ള സംവിധാനം ചെയ്തു നൽകുന്നതായിരിക്കും. അതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അവരവരുടെ ഗ്രാമപഞ്ചായത്തുകളിൽ എവിടെയാണ് ഇതിന്റെ പോരായ്മകളുണ്ടെന്ന് അറിയിച്ചുകഴിഞ്ഞാൽ അതിനെ എങ്ങനെ റീവർക്ക് ചെയ്യാമെന്നുള്ളത് പരിശോധിക്കാം.

<u>മി. സ്പീക്കർ</u>: ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമായതിനാൽ ഉപചോദ്യങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ട് അംഗങ്ങൾ ചോദ്യം ചുരുക്കി ചോദിക്കണം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, വന്യജീവികൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്നത് നിത്യസംഭവങ്ങളായി മാറുമ്പോൾ അപൂർവ്വം ചില വന്യജീവികളെ വനംവകുപ്പ് പിടികൂടുന്നുണ്ട്. ഉദാഹരണം, കഴിഞ്ഞ ദിവസം കോന്നിയിലെ തണ്ണിത്തോട്ടിൽ ഒരു സമീപവാസിയുടെ കിണറ്റിൽവീണ ഒരാനയെ കിണറ്റിൽനിന്ന് രക്ഷിച്ചുവിടുകയാണ് വനംവകുപ്പ് ചെയ്തത്. അതുപോലെ പുലികളെ കൂടുവച്ച് പിടിക്കുന്നുണ്ട്. പിടിക്കുന്ന പുലികളെ തൊട്ടടുത്ത കാട്ടിലേക്ക് തന്നെ ഇറക്കിവിടുകയും കാട്ടിലേക്ക് കൊണ്ടുപോയ വനപാലകർ തിരിച്ചുവരുന്നതിനുമുമ്പുതന്നെ പുലി തിരികെ ഇറക്കിവിട്ട സ്ഥലത്ത് വരുന്നസ്ഥിതിയാണ്

ഇപ്പോൾ നാം കാണുന്നത്. ഇതിനുമുമ്പ് കോന്നി ആനക്കൂട് ഉൾപ്പെടെയുള്ള ആന പുനരധിവാസ കേന്ദ്രങ്ങളായ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമായിരുന്നു. അത്തരം നടപടികൾ തുടരാൻ കഴിയുമോ; വ്യക്തമാക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട അംഗം മേൽസൂചിപ്പിച്ച കാര്യങ്ങൾ ചെയ്യുന്നതിന് കുറച്ച് പരിമിതികളുണ്ട്. വനംവകുപ്പിന്റെ ചുമതലയിൽപ്പെട്ടതാണ് കടുവയെയും പുലിയെയും പിടിക്കുകയെന്നുള്ളത്. എന്നാൽ ഇവയെ എവിടെയെങ്കിലും കൊണ്ടുപോയിവിടുന്നതിന് അവിടത്തെ ജനങ്ങൾ സമ്മതിക്കുകയില്ല. ഇത്തരം മൃഗങ്ങളെ മൃഗശാലയിൽ കൊണ്ടുവിടാൻ നിയമപരമായി പ്രൊവിഷനില്ല. നിയമത്തിന്റെയടിസ്ഥാനത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. കടുവയുടെ കാര്യത്തിൽ ഇന്ത്യയിൽ പല ടൈഗർ റിസർവ് സെന്ററുകളുണ്ടെങ്കിലും അവിടെയൊന്നും ഒരു കടുവപോലുമില്ല. ക്യാരിയിങ് കപ്പാസിറ്റി കൂടുതലാണെന്ന് കണ്ടുകഴിഞ്ഞാൽ മറ്റുള്ള മേഖലകളിലേക്ക് മാറ്റുന്നതുസംബന്ധിച്ച് ഇന്ത്യൻ എയർ ഫോഴ്സുമായി സംസാരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആധികാരികമായി റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ മറ്റുള്ള മേഖലയിലേക്ക് ഇങ്ങനെ ഷിഫ്റ്റിങ് സാധ്യമാകുമോയെന്നുള്ളത് പരിശോധിക്കാം. എങ്കിൽ മാത്രമെ, ഇതിന് ശാശ്വത പരിഹാരമുണ്ടാകുകയുള്ളൂ.

ശ്രീ. വി. ടി. സൂരജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കക്കയം, ഓട്ടപ്പാലം, മണ്ടലപ്പാറ എന്നീ ജനവാസ മേഖലകളിൽ ആനയിറങ്ങിയ സമയത്ത് വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെ യോഗത്തിൽ ആനകളും മറ്റ് വന്യമൃഗങ്ങളും നാട്ടിലിറങ്ങാൻ കാരണം കാട്ടിൽ തീറ്റയും വെള്ളവും ലഭ്യമാക്കാത്തത് കൊണ്ടാണെന്നാണ് പറഞ്ഞത്. വനത്തിനുള്ളിൽ വെള്ളവും ഭക്ഷണവും ഉറപ്പുവരുത്താൻ മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ (Mission FFW) പദ്ധതിയുടെ ഭാഗമായി സീഡ് ബോൾ ബ്രോഡ്കാസ്റ്റിങ് - വിത്തൂട്ട് പദ്ധതിയും ബ്രഷ് വുഡ് ചെക്ക് ഡാം പദ്ധതിയുമൊക്കെ നടപ്പിലാക്കാമെന്ന് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിർദിഷ്ട പദ്ധതികൾ എവിടെയെങ്കിലും ഫലപ്രദമാണോ; ഏതെങ്കിലും

മേഖലകളിൽ വിജയകരമായി നടപ്പിലാക്കപ്പെടുന്നുണ്ടോ; കക്കയം, പെരുവണ്ണാമൂഴി ഫോറസ്റ്റ് മേഖലകളിൽ ഈ പദ്ധതിയുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഇക്കാര്യം സംബന്ധിച്ച് പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വനത്തിനകത്ത് ഭക്ഷണവും വെള്ളവുമില്ലെന്ന് പറയാൻ കഴിയില്ല. മഴ തുടങ്ങിയതിന് ശേഷമാണ് ആറ് മരണം തുടർച്ചയായിട്ടുണ്ടായത്. കാട്ടിനുള്ളിലെ ഇൻവേസീവ് സ്പീഷീസിന്റെ കടന്നുവരവോടെ അക്കേഷ്യ, യൂക്കാലിപ്റ്റ്സ് തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിച്ചത് പരിസ്ഥിതിക്ക് ദോഷമായി മാറിയിട്ടുണ്ട്. ഇപ്പോൾ മഞ്ഞക്കൊന്നയുടെ പ്രശ്നവുമുണ്ട്. സീഡ് ബോളിങ് എന്നൊരു സംവിധാനം തുടങ്ങിയിട്ടുണ്ട്. പക്ഷേ ഇതിന്റെ ഭാഗമായി വിത്ത് മണ്ണിൽ നിക്ഷേപിച്ച് ഏതുകാലത്താണ് ഇവ വളർന്ന് മൃഗങ്ങൾക്ക് ഭക്ഷണമാകുക? ഇക്കാര്യമെല്ലാം പഠനത്തിന് വിധേയമാക്കി മാത്രമേ പ്രാവർത്തികമാക്കാനാകൂ. Invasive Species-നെ നീക്കം ചെയ്യുകയും വന്യജീവികൾക്ക് ഭക്ഷണത്തിന്റെ പോരായ്മയുണ്ടോ എന്ന് പരിശോധിക്കുകയും വേണം. Invasive Species-ന്റെ കാര്യത്തെക്കുറിച്ച് നമുക്ക് ബോധ്യമുണ്ട്. പുൽമേടുകൾ നശിക്കുന്നതിനനുസരിച്ച് ചെറുമൃഗങ്ങൾ അവിടുന്ന് അകന്നുപോകുകയും കടുവ പോലുള്ള വന്യമൃഗങ്ങൾ അവയുടെ പിന്നാലെപോകുന്നതുമായ സ്ഥിതിവിശേഷമുണ്ട്. മറ്റു മേഖലകളെ സംബന്ധിച്ച് ആധികാരികമായ പഠനങ്ങളൊന്നും നമ്മുടെ പക്കലില്ല.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, അങ്ങ് ഇവിടെ വന്യജീവികളുടെ ആക്രമണം തടയുന്നതുമായി ബന്ധപ്പെട്ട് ഫെൻസിങ്ങിനെക്കുറിച്ച് സംസാരിച്ചു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി ഫെൻസിങ് നടപ്പിലാക്കാൻ കാലതാമസമെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളെ ഏല്പിച്ചിട്ടുള്ള ഫെൻസിങ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത ഒരുപാട് വിഷയങ്ങളുണ്ട്. എംപാനൽ ചെയ്ത ഏജൻസികളിൽ ചിലതെങ്കിലും അൺസ്കിൽഡ് ആണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഓപ്പൺ ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ചോദ്യമാണ് ഉന്നയിച്ചത്. ഇതിന്റെ ഭാഗമായി കുറേയധികം തുക വിനിയോഗിക്കുന്നുണ്ട്.

എന്നാൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. പല എംപാനൽ ഏജൻസികളെ നിയോഗിച്ചെങ്കിലും ഇതിന്റെ Terrain ബുദ്ധിമുട്ടുള്ളതാണ്. എത്രയോ കാലംതൊട്ട് ആറളത്ത് ഒരു വൻമതിൽ പണിയാൻ ശ്രമിക്കുകയാണ്. രണ്ട് കിലോമീറ്റർ ദൂരം മതിൽ പണിയാൻപോലും പ്രയാസമാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതു കാരണം എംപാനൽ ഏജൻസികളെയും അവയുടെ ഗുണമേന്മയെയും സംബന്ധിച്ച് സംശയമുണ്ട്. അതാണ് ഒരു ഇന്റഗ്രേറ്റഡ് പദ്ധതി തയ്യാറാക്കി ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് ഞാൻ ആദ്യം സൂചിപ്പിച്ചത്.

<u>ശ്രീ. കെ. രാജൻ:</u> സർ, ഇവിടെ പറഞ്ഞതുപോലെ ഫെൻസിങ്ങുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. പ്രധാനമായും വലിയ പ്രദേശത്തെ ഫെൻസിങ് സർക്കാരിന് ഒറ്റയ്ക്ക് സാധ്യമാക്കാൻ അത്ര എളുപ്പമല്ലെന്ന് അദ്ദേഹം സൂചിപ്പിച്ചു. ശ്രീ. യു. ആർ. പ്രദീപ് ഇവിടെ സൂചിപ്പിച്ചതു പോലെ എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നത് മാത്രമല്ല സ്വകാര്യ ഭൂമികളിൽ ഫെൻസിങ് നടത്താൻ ഉടമസ്ഥർ തയ്യാറായാൽ അമ്പത് ശതമാനം സബ്സിഡി പോലുള്ള ആകർഷകമായിട്ടുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഫെൻസിങിന്റെ ഒരു മാസ്റ്റർ പ്ലാൻ സാധ്യമാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വന്യജീവി ആക്രമണം ഒരു ദുരന്തമായി പ്രഖ്യാപിച്ചതുകൊണ്ട് നമുക്ക് എസ്.ഡി.ആർ.എഫ്. കൂടി ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് 304/2025 എന്ന നമ്പറിൽ പുറത്തിറക്കിയിട്ടുള്ള ഗവൺമെന്റ് ഉത്തരവിൽ പലകാരണങ്ങൾ, ഉദാഹരണത്തിന് വനം വകുപ്പ് പറയുകയാണ് കാടിനകത്തേക്ക് പ്രവേശിച്ച് ആന ചവിട്ടിയാൽ നഷ്ടപരിഹാരം കിട്ടില്ലായെന്ന് ഉൾപ്പെടെ. എല്ലാ നിയമങ്ങളെയും over rule ചെയ്യുന്ന Disaster Act Section 72 പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ച് ഇത് നടപ്പിലാക്കാനുള്ള ശ്രമം കൂടി സാധ്യമാക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ:</u> തീർച്ചയായിട്ടും എല്ലാ വകുപ്പുകളും ചേർന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ ഒന്നിച്ചുനിന്നാൽ മാത്രമേ ഈ പ്രശ്നത്തിനൊരു പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. കാട്ടിനകത്തോ പുറത്തോവച്ച് വന്യജീവി ആക്രമണത്തിൽ ഒരു

വ്യക്തി മരണപ്പെട്ടാൽ അതിന്റെ ധാർമ്മിക ഉത്തരവാദിത്വം വനം വകുപ്പിനാണെന്ന് ഞാൻ വകുപ്പുദ്യോഗസ്ഥരുമായി ചേർന്ന് തീരുമാനമെടുത്തിരുന്നു. ഇത്തരത്തിൽ ആക്രമിക്കുന്നത് നമ്മൾ കൺടെയ്ൻ ചെയ്യേണ്ട ഒരു വന്യമൃഗമായതുകൊണ്ടാണ് അതിന്റെ ഉത്തരവാദിത്വം വനം വകുപ്പിന് നൽകിയത്. കൂടുതലും ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ് ആക്രമിക്കപ്പെടുന്നതെന്ന് മുൻകാലങ്ങളിലെ സംഭവങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകും. അവർക്ക് ഇതിന്റെ നിയമവശത്തെക്കുറിച്ച് അറിയാത്തതിനാൽ ആനുകൂല്യങ്ങളും ധനസഹായവുമെത്താൻ കാലതാമസമെടുക്കുന്നുണ്ട്. അതിനാൽ ലെയ്സൺ ഓഫീസർ എന്ന നിലയിൽ വനം വകുപ്പിന്റെ ഒരു ഉദ്യോഗസ്ഥൻ തന്നെ പേപ്പർ വർക്കുകൾ പൂർത്തിയാക്കണം. കർഷകരുമായി ബന്ധപ്പെട്ട വിഷയങ്ങളാണെങ്കിലും അവിടെയൊരു ലെയ്സൺ ആവശ്യമാണ്. വനത്തിനകത്ത് സംരക്ഷണം എത്രത്തോളം നൽകാൻ കഴിയുമെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിച്ച് മുന്നോട്ടുപോകാം.

<u>മി. സ്പീക്കർ</u>: ഇപ്പോൾ തന്നെ ഒരു ചോദ്യത്തിന് 27 മിനിറ്റ് സമയമെടുത്തു. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാതിരിക്കാൻ നിവൃത്തിയില്ല.

**ഗോത്രബന്ധു പദ്ധതി**

(*62) <u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. വി. കെ. സനോജ്</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ- പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മുൻ സർക്കാർ ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി ഈ അധ്യയനവർഷം മുതൽ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര മെന്റർ അധ്യാപകരെയാണ് ഈ പദ്ധതിക്കായി നിയമിച്ചിട്ടുള്ളത്; പ്രസ്തുത അധ്യാപകർ ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

*24-06-2026*
*Question Hour*

(സി) ഗോത്രബന്ധു പദ്ധതിയിലൂടെ സ്കൂളുകളിൽ നിന്നുള്ള ഗോത്രവിഭാഗം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതി തുടരുന്നില്ലെങ്കിൽ തൊഴിൽ നഷ്ടപ്പെട്ട മെന്റർ അധ്യാപകരുടെ പുനരധിവാസത്തിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): സർ, (എ) ഗ്രോത്രബന്ധു പദ്ധതി ഈ സർക്കാർ നിർത്തലാക്കിയിട്ടില്ല.

(ബി) നിലവിൽ ആകെ 326 മെന്റർ ടീച്ചർമാരെയാണ് ഗോത്രബന്ധു പദ്ധതിപ്രകാരം നിയമിച്ചുവരുന്നത്. ഓരോ അധ്യയന വർഷത്തേക്കും നൽകുന്ന താൽക്കാലിക നിയമനങ്ങളാണിവ. ഇതനുസരിച്ച് ഓരോ അധ്യയന വർഷാവസാനം മെന്റർ ടീച്ചർമാരുടെ കാലാവധി അവസാനിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സാമൂഹ്യ പഠന മുറി, വിദ്യാവാഹിനി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്, സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക മെറിറ്റ് അവാർഡ് എന്നിവ നടപ്പിലാക്കിവരുന്നതുവഴി വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗോത്രബന്ധു പദ്ധതിയുടെ മാത്രമായി അവലോകനം ഇതുവരെ നടത്തിയിട്ടില്ല. പദ്ധതിയുടെ അവലോകനം നടത്താവുന്നതാണ്.

(ഡി) 'എ' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ അവസാന ചോദ്യം ബാധകമല്ല എന്നറിയിക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഗോത്രബന്ധു പദ്ധതി വിദ്യാഭ്യാസ മേഖലയിൽ വളരെ പുരോഗതി ഉണ്ടാക്കിയിട്ടുള്ളതാണ്. ഈ മേഖലയിൽ ലഭ്യമായിക്കൊണ്ടിരുന്ന കേന്ദ്ര സർക്കാരിന്റെ സഹായം ഇപ്പോൾ ലഭിക്കുന്നുണ്ടോ; എന്താണ് നിലവിലെ സ്ഥിതിയെന്ന് വ്യക്തമാക്കാമോ?

*24-06-2026*
*Question Hour*

ശ്രീമതി കെ. എ. തുളസി: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം പരിശോധിച്ച് മറുപടി പറയുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ആധുനിക ഡിജിറ്റൽ കാലത്ത് പട്ടികവർഗ മേഖലയിലെ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനത്തിനാവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിച്ചിട്ടുണ്ടോ; നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. എ. തുളസി: സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന താഴേത്തട്ടിലുള്ള കുട്ടികൾക്ക് ഡിജിറ്റൽ പഠനത്തിന് കാലാനുസൃതമായി കോഴ്സുകൾ പരിഷ്കരിക്കേണ്ടതുണ്ട്. അതിനുവേണ്ട നിർദേശങ്ങളും ആലോചനകളും വകുപ്പിൽ നടന്നുവരുന്നുണ്ട്. അക്കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. വി. കെ. സനോജ്: സർ, ഗോത്രബന്ധു അധ്യാപകർക്ക് കൃത്യമായ സേവന, വേതന വ്യവസ്ഥകൾ ഉറപ്പാക്കാനോ അവരെ സ്ഥിരപ്പെടുത്താനോ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീമതി കെ. എ. തുളസി: സർ, ഗോത്രബന്ധു പദ്ധതിപ്രകാരമുള്ള മെന്റർ ടീച്ചർമാരെ സർക്കാർ ഉത്തരവുപ്രകാരം താൽക്കാലികമായിട്ടാണ് തിരഞ്ഞെടുക്കുന്നത്. ഒരു അധ്യയനവർഷത്തിലെ പത്തുമാസത്തേക്ക് മാത്രമാണ് അവരുടെ സേവനം സർക്കാർ ഉറപ്പുവരുത്തുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ നിന്നും ധാരാളം കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ട്. അവരുടെ പഠന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ട്യൂട്ടർമാരെ നിയമിച്ചാൽ വലിയൊരു തോതിൽ കൊഴിഞ്ഞുപോക്ക് തടയാൻ കഴിയും. അതോടൊപ്പം അവർക്ക്
പി.എസ്.സി പരിശീലനവും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി കെ. എ. തുളസി: സർ, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി സാമൂഹ്യ പഠനമുറി, വിദ്യാവാഹിനി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ, പ്രത്യേക സ്കോളർഷിപ്പുകൾ, സമർഥരായ വിദ്യാർഥികൾക്ക്

പ്രത്യേക പ്രോത്സാഹനം എന്നിവ നിലവിൽ വകുപ്പ് നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാവുന്നതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ സാംസ്കാരികമായി പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയാണ്. സാംസ്കാരിക പ്രതിരോധം വികസിപ്പിച്ചെടുക്കാൻ അവരിൽ തന്നെയുള്ള സർഗാത്മക കഴിവുകളുള്ള വിദ്യാർഥികളുടെ സർഗശേഷി വികസിപ്പിച്ചെടുക്കാൻ വളരെ സമഗ്രവും ഉദ്ഗ്രഥിതവുമായി വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. അതിനാൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ സർഗശേഷി വികസിപ്പിക്കുന്നതിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ?

ശ്രീമതി കെ. എ. തുളസി: സർ, കഴിഞ്ഞ കാലയളവിൽനിന്ന് വ്യത്യസ്തമായി അത്തരത്തിലുള്ള പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച് തീർച്ചയായും ആലോചിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഗോത്രബന്ധു പദ്ധതിപ്രകാരം മെന്റർ അധ്യാപകരുടെ സേവനം പട്ടികവർഗ മേഖലയിലെ വിദ്യാർഥികളെ സംബന്ധിച്ച് വളരെ അത്യന്താപേക്ഷിതമാണ്. അവരുടെ നിയമനത്തിന് കാലതാമസം നേരിടുന്നതിനാൽ പല വിദ്യാർത്ഥികളും വീട്ടിൽ ഇരിക്കുന്ന സ്ഥിതിയാണുള്ളത്. മെന്റർ അധ്യാപകരുടെ കൊഴിഞ്ഞുപോക്ക് എന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഒരു ക്ലാസ്സിൽ ശരാശരി 30 മുതൽ 40 വരെയുള്ള വിദ്യാർഥികളെയും എച്ച്.എസ്.എസ്.എ. വിഭാഗത്തിലാണെങ്കിൽ ഒരു ക്ലാസിൽ ശരാശരി 66 മുതൽ 67 വരെയുള്ള വിദ്യാർഥികളെയുമാണ് അധ്യാപകർ പഠിപ്പിക്കേണ്ടതായി വരുന്നത്. ഓരോ സ്കൂൾ അടിസ്ഥാനത്തിലാണ് മെന്റർ അധ്യാപകരെ നിയമിക്കുന്നത്. ഓരോ സ്കൂളിലും ശരാശരി 60 മുതൽ 80 വരെ പട്ടികവർഗത്തിലെ വിവിധ സമുദായത്തിൽപ്പെട്ട വിദ്യാർഥികളുമുണ്ട്. അവരെ കൃത്യമായി കൂട്ടിയോജിപ്പിച്ച് നമ്മൾ ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിക്കാൻ കഴിയുന്നില്ല. അതിനാൽ യോഗത്യയനുസരിച്ച് മെന്റർ അധ്യാപകരുടെ എണ്ണം വർധിപ്പിക്കുന്നതിന് ഒരു പ്രത്യേക സംവിധാനം സർക്കാർ ആലോചിക്കുമോ?

*24-06-2026*
*Question Hour*

ശ്രീമതി കെ. എ. തുളസി: സർ, ഒരു അധ്യയന വർഷം ആരംഭിക്കുമ്പോൾ ആറാമത്തെ പ്രവൃത്തി ദിനത്തിനുശേഷം സ്കൂളുകളിൽനിന്ന് വിദ്യാർഥികളുടെ കൃത്യമായ വിവരം ശേഖരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് വിജ്ഞാപനം നടത്തുകയും ജില്ലാടിസ്ഥാനത്തിലും വിജ്ഞാപനം നടത്തി ജൂലൈ അഞ്ചിന് എഴുത്തുപരീക്ഷയും മറ്റ് ഇന്റർവ്യൂകളും വച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമവിരുദ്ധമായി നിയമനം നടക്കുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെ നിയമവിധേയമായി നടത്തുകയെന്നതാണ് സർക്കാരിന്റെ ഉത്തരവാദിത്വം. സ്കൂളുകളിൽ ഏറ്റവും അടുത്ത ദിവസങ്ങളിൽ/അധ്യയന ദിവസങ്ങളിൽ മെന്റർ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വയനാട് ജില്ലയിലെ ആദിവാസി മേഖലകളിലെ 241 മെന്റർ ടീച്ചർമാർ നിരാഹാര സമരത്തിലാണ്. ഇക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അറിഞ്ഞുവെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അവരെയൊക്കെ പിരിച്ചുവിട്ടിരിക്കുകയാണ്. 2017 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട മെന്റർ ടീച്ചർമാർ ആദിവാസി വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചവരാണ്. ഇന്ത്യയിൽ ആദിവാസി വിദ്യാർഥികളുടെ വിദ്യാഭ്യാസ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. എന്നാൽ ഒമ്പത് വർഷത്തോളം ജോലി ചെയ്ത 241 മെന്റർ ടീച്ചർമാരെ ഒഴിവാക്കുന്ന വിഷയത്തിൽ അടിയന്തരമായി സർക്കാർ ഇടപെടണം. ഇതിൽ പുതിയ നിയമനങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള 45 വയസ് എന്ന പ്രായപരിധിയും പുതുക്കിയ വിദ്യാഭ്യാസയോഗ്യത മാനദണ്ഡങ്ങളും കാരണം നിലവിൽ ജോലി ചെയ്തുവരുന്ന നിരവധി മെന്റർ ടീച്ചർമാർക്ക് അപേക്ഷിക്കാനാകാത്ത സാഹചര്യമുണ്ട്. അതോടൊപ്പം പുതിയ മാനദണ്ഡമനുസരിച്ച് തച്ചനാടൻ മൂപ്പൻ, കരിമ്പാരൻ എന്നിവരുടെ പങ്കാളിത്തം കൂടുതലായി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. മെന്റർ ടീച്ചർമാരുടെ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സർക്കാരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

*24-06-2026*
*Question Hour*

<u>ശ്രീമതി കെ. എ. തുളസി</u>: സർ, നമ്മുടെ സംസ്ഥാനത്ത് 2017-18 അധ്യയന വർഷത്തിലാണ് ഗോത്രബന്ധു മെന്റർ ടീച്ചർ പദ്ധതി നടപ്പാക്കുന്നത്. അധ്യയന വർഷാരംഭത്തിൽ മെന്റർ ടീച്ചർമാരുടെ സേവനം ഉറപ്പുവരുത്തി മാർച്ച് 31-ഓടെ അവരുടെ സേവനം അവസാനിക്കുമെന്ന് അന്നത്തെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. മെന്റർ ടീച്ചർമാരെ പിരിച്ചുവിട്ടുവെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് അടിസ്ഥാനമില്ലാത്തതാണെന്ന് സഭയെ അറിയിക്കുകയാണ്. നമ്മുടെ നാട്ടിൽ നിയമനങ്ങൾക്ക് വ്യവസ്ഥാപിതമായൊരു നയമുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന മാർഗനിർദേശമനുസരിച്ചാണ് നിയമനം നൽകുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഗോത്രബന്ധു എന്നത് ഒരു പ്രത്യേക പദ്ധതിയല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ബജറ്റ് വിഹിതത്തിൽ അനുവദിച്ച തുകയിൽ കുറവ് വരുത്തിയൊരു സംഭവമുണ്ടായി. ആ കുറവ് എല്ലാ പദ്ധതികൾക്കും ഉണ്ടായിട്ടുണ്ട്. ഇവർക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി ബജറ്റിൽ അനുവദിക്കുന്ന തുക വെട്ടിക്കുറയ്ക്കുന്നത് തടയാൻ സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തുമോ?

<u>ശ്രീമതി കെ. എ. തുളസി</u>: വെട്ടിക്കുറയ്ക്കൽ അല്ല ഈ സർക്കാരിന്റെ നയം. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്കായി അധിക ഫണ്ട് വകയിരുത്തുകയാണ് ബജറ്റ് അവതരണവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയത്. ഈ സർക്കാരിന്റെ നയം വളരെ വ്യക്തമായി അതിലൂടെതന്നെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മോശമായ അവസ്ഥയിലാണ്. കഴിഞ്ഞ കാലങ്ങളിൽ കൃത്യമായ അറ്റകുറ്റപ്പണി നടത്താത്തും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താത്തതുമാണ് ഇതിലെ

പ്രധാനപ്പെട്ട വെല്ലുവിളി. അധ്ലിഷനുവരുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ സ്കൂളിലെ അവസ്ഥ കണ്ട് അവരെ തിരിച്ചുവിളിച്ചുകൊണ്ടുപോകുന്ന സാഹചര്യമാണുള്ളത്. അതിനാൽ ഇത്തരം സ്കൂളുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. എ. തുളസി: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വിഷയം ഒരു സ്കൂളിൽ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ നടന്നിരുന്നു. ഞാൻ നേരിട്ട് സ്ഥലം സന്ദർശിക്കുകയും വിശദമായി അവിടത്തെ കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. മാത്രമല്ല, അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളതുമാണ്. തീർച്ചയായും മറ്റ് കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, പട്ടിക ഗോത്രവർഗ വിഭാഗത്തിന് പ്രധാനമായും ഉണ്ടാകുന്ന പ്രശ്നം, ഓൾ പ്രൊമോഷൻ കൊണ്ട് അടിസ്ഥാനപരമായ സ്കിൽ പോലും ആർജിക്കാതെ പത്താം ക്ലാസിൽ എത്തുകയാണ്. നമ്മുടെ കുടുംബ ചുറ്റുപാടിൽ നിന്നും വ്യത്യസ്തമായി അവർ ഊരിൽനിന്നാണ് വരുന്നത്. ഓരോ ഊരുകളിലും കൃത്യമായും മലയാളം എഴുതാനും വായിക്കാനുമുള്ള അടിസ്ഥാനയോഗ്യത ആർജിച്ചെടുക്കാനുള്ള പഠനകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ITDP (Integrated Tribal development Project) പദ്ധതിയിലൂടെ വകുപ്പ് ഇതിനായി നടപടി എടുത്തിട്ടുണ്ട്. പക്ഷേ പത്ത്, നൂറ് കോളനികൾ/ഊരുകളുള്ള സ്ഥലങ്ങളിൽ രണ്ടോ മൂന്നോ സ്ഥലങ്ങളിൽ മാത്രമാണ് ഇത്തരം സാമൂഹ്യ പഠനകേന്ദ്രങ്ങളുള്ളത്. അത് കൃത്യമായി സാർവത്രികമാക്കി കഴിഞ്ഞാൽ മാത്രമേ അടിസ്ഥാന യോഗ്യത ആർജിച്ചെടുക്കാൻ സാധിക്കുകയുള്ളൂ.

മറ്റൊന്ന്, സ്കൂളിന് 100 ശതമാനം വിജയമുണ്ടാക്കാൻ പഠന വൈകല്യമെന്ന കാരണത്താൽ സ്ക്രൈബിന്റെ സഹായത്തോടെ പത്താം ക്ലാസ് പാസ്സാകാൻ പരീക്ഷ എഴുതിയിരിക്കുകയാണ്. അത്തരത്തിൽ വിജയിക്കുന്ന ഒരു കുട്ടിക്ക് ഈ സമൂഹത്തിൽ

എന്താണ് ചെയ്യാൻ കഴിയുന്നത്; ഇവർക്ക് അടിസ്ഥാന യോഗ്യതയ്ക്ക് ആവശ്യമായ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിക്കാനും കുട്ടികളെ ശ്രദ്ധിക്കാനും കഴിയുമോ?

ശ്രീമതി കെ. എ. തുളസി സർ, പ്രീ സ്കൂളിങ് സംവിധാനം സംസ്ഥാനത്ത് വളരെ ഫലപ്രദമായ രീതിയിൽ നടത്തുന്ന കാര്യം കാര്യക്ഷമമായി ആലോചിച്ചുവരികയാണ്.

**കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി**

3 (*63) ശ്രീ. പി. എ. മുഹമ്മദ് റിയാസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. പ്രേമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അവ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം തരത്തിലുള്ള പരിശോധനകൾ നിലവിൽ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി മുൻ സർക്കാർ സ്ഥാപിച്ച സ്റ്റേറ്റ്, ജില്ലാ, ഉപജില്ലാ ലാബുകളുടെ വിശദാംശങ്ങളും പ്രയോജനങ്ങളും അറിയിക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ അംഗീകൃത ലാബുകളിൽ ഓൺലൈനായി പണമടച്ച് വെള്ളം പരിശോധിക്കാനും ഫലം ലഭ്യമാക്കാനും കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ സംവിധാനം നിലവിൽ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കാമോ?

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, (എ)

സംസ്ഥാനത്ത് ജലജന്യ രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് പടർന്നുപിടിക്കുന്നത് തടയുന്നതിന് സർവൈലൻസ് സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ജലജന്യരോഗങ്ങൾ തടയുന്നതിന് കേരള വാട്ടർ

അതോറിറ്റി വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ വിഭാഗം ശേഖരിച്ച് ലാബിൽ പരിശോധിക്കുകയും വ്യതിയാനം ഉണ്ടായാൽ ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗം ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും പരിഹാര നടപടികൾ എടുപ്പിക്കുകയും ചെയ്യുന്നു. ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തേക്കുള്ള കുടിവെള്ള വിതരണം സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗം ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും പരിഹാര നടപടികൾ എടുപ്പിക്കുകയും ചെയ്യുന്നു. പരിഹാര നടപടികൾക്കുശേഷം ക്വാളിറ്റി കോൺട്രോൾ വിഭാഗം പുന:പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അവ പ്രതിരോധിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ജലഗുണനിലവാര പരിശോധനകൾ നടത്തുന്നതിനും ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്ത് അണുനശീകരണം നടത്തുന്നതിനുമുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട കുടിവെള്ള സമിതികൾക്ക് ജലനിധി മുഖാന്തരം നൽകിവരുന്നുണ്ട്.

ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിന് ഭൂജലവകുപ്പിന്റെ മൂന്ന് ലാബുകളിലായി സംസ്ഥാനത്തെ പതിനാല് ജില്ലകളിലെ നിരീക്ഷണ കിണറുകളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ചുവരുന്നുണ്ട്.

ജലജന്യ രോഗമായ അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ‘ ജലമാണ് ജീവൻ’ എന്ന ക്യാമ്പയിൻ നടപ്പിലാക്കിയിട്ടുണ്ട്. ജലമലിനീകരണം പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 5043263 കിണറുകളിൽ വിവിധ മാസങ്ങളിലായി ക്ലോറിനേഷൻ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്താകെ 12782 ക്ലാസുകളിൽക്കൂടി 1726104 ആളുകൾക്ക് ജലജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ലാബിൽ പരിശോധിക്കുന്നുണ്ട്. ഭൗതിക, രാസ, ജൈവ വിഭാഗങ്ങളിലായി കുടിവെള്ളത്തിന്റെ നിറം, മണം, രുചി, അമ്ലത, ക്ഷാരത്വം, കലക്കൽ, പി.എച്ച്. മൂല്യം, കാഠിന്യം, കാൽസ്യം, മെഗ്നീഷ്യം, വൈദ്യുത ചാലകത, ടി.ഡി.എസ്. ഇരുമ്പ്, ഫ്ലൂറൈഡ്, നൈട്രേറ്റ്, സൾഫേറ്റ്, അവക്ഷിപ്ത ക്ലോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ, മുതലായവ പരിശോധിച്ചുവരുന്നു. കൂടാതെ പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗം ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും പരിഹാരനടപടികൾ എടുപ്പിക്കുകയും ചെയ്യുന്നു. സുരക്ഷിതമാണോ എന്ന് വീണ്ടും പരിശോധനകൾ നടത്തി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കുടിവെള്ളത്തിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) നിർവചിച്ചിരിക്കുന്ന IS 10500:2012 മാനദണ്ഡങ്ങൾ പ്രകാരമുള്ള ജലഗുണനിലവാര പരിശോധനകൾ ഭൂജലവകുപ്പ് നടത്തിവരുന്നുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു സ്റ്റേറ്റ് ലാബും പതിനാല് ജില്ലാ ലാബുകളും എഴുപത്തിയൊന്ന് സബ് ജില്ലാ ലാബുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ജലഗുണനിലവാര പരിശോധനക്കായി ഭൂജലവകുപ്പിന് കീഴിൽ തിരുവനന്തപുരം (1984 മുതലും), എറണാകുളം (2002 മുതലും), കോഴിക്കോട് (2002 മുതലും) റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരം ലാബിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെയും എറണാകുളം ലാബിൽ

*24-06-2026*
*Question Hour*

എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയും കോഴിക്കോട് ലാബിൽ കോഴിക്കോട്, വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെയും ജലപരിശോധനകൾ നടത്തിവരുന്നു. മൂന്ന് ലാബുകളിലും ജലത്തിന്റെ ഭൗതിക രാസ പരിശോധനകളും ബാക്റ്റീരിയോളോജിക്കൽ പരിശോധനകളും നടത്തുന്നുണ്ട്. ഭൂജലവകുപ്പിന്റെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ജലസാമ്പിളുകളുടെ പരിശോധനയും മേൽ റീജിയണൽ ലാബുകളിൽ നടത്തിവരുന്നുണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 337 ലാബുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതിൽ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ചുകൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 144 ലാബുകൾ പ്രവർത്തനസജ്ജമാകുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം എന്നിവ വിനിയോഗിച്ചുകൊണ്ട് 193 ലാബുകളും സ്ഥാപിച്ചു. ജലഗുണനിലവാര നിർണ്ണയ ലാബുകളിൽ പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം പരിശോധിക്കാൻ സാധിക്കും. വിദ്യാർഥികൾ അവരുടെ വീടുകളിൽനിന്നും സമീപ വീടുകളിൽനിന്നും കൊണ്ടുവരുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ നല്കുന്ന പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു. പരിശോധനാ കിറ്റുകൾ തീരുന്നമുറയ്ക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തി കിറ്റുകൾ വിതരണം ചെയ്യുന്നു. കുടിവെള്ള പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട വ്യക്തികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ട്.

*24-06-2026*
*Question Hour*

(ഡി) കേരളാ വാട്ടർ അതോറിറ്റിയുടെ അംഗീകൃത ലാബുകളിൽ ഓൺലൈനായി പണമടച്ച് വെള്ളം പരിശോധിക്കുകയും പരിശോധനാ ഫലം ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനം നിലവിൽ നടപ്പാക്കിവരുന്നു. ഈ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് എളുപ്പത്തിലും ഉപഭോക്തൃ സൗഹൃദമായും പണം അടക്കാനും അപേക്ഷ സമർപ്പിക്കാനും സാധിക്കുന്നു. കൂടാതെ ഓഫീസിൽ നേരിട്ട് എത്താതെതന്നെ പരിശോധനാ ഫലങ്ങൾ കൃത്യസമയത്ത് ലഭ്യമാകുന്നതിനാൽ സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, സംസ്ഥാനത്ത് കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് ഒരു പൊതു പ്രശ്നമാണ്. എല്ലാ എം.എൽ.എ.-മാരും യോജിക്കുന്ന വിഷയമാണിതെന്ന് ഞാൻ കരുതുകയാണ്. ഇതൊരു കുറ്റപ്പെടുത്തലായി നിങ്ങളാരും കാണേണ്ടതില്ല. ബേപ്പൂർ നിയോജകമണ്ഡലത്തിലെ കടലുണ്ടി ഗ്രാമപഞ്ചായത്ത്, ഫറോക്ക് മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഈയൊരു മാസത്തിനിടയിൽ പൈപ്പ് പൊട്ടുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. പ്രസ്തുത കാരണത്താൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ഗതാഗത തടസ്സം സൃഷ്ടിക്കപ്പെടുകയും അമൂല്യമായ ജലം പാഴാകുകയും കുടിവെള്ളം മലിനമാക്കപ്പെടുകയും ചെയ്യുകയാണ്. ഇതിന് പരിഹാരം കാണാൻ കൂട്ടായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജലവിഭവ വകുപ്പ് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് ബഹുമാനപ്പെട്ട അംഗവും മുൻമന്ത്രിയുമായിരുന്ന ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇവിടെ ചൂണ്ടിക്കാണിച്ചത്. പൈപ്പ് പൊട്ടുക എന്നത് സ്ഥിരം നടപടിയായി മാറിയിരിക്കുന്നുവെന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള പ്രാഥമിക പരിശോധനയിൽനിന്നും മനസ്സിലാകുന്നത്. നിരന്തരമായ ഇടപെടൽ ആവശ്യമായൊരു കാര്യമായി ഇതുമാറിയിട്ടുണ്ട്. പൈപ്പ് പൊട്ടുന്നതിനെത്തുടർന്ന് യഥാസമയം അവ നന്നാക്കാതെ വരുന്നതിനാൽ അഴുക്ക് പൈപ്പിലേക്ക് പ്രവേശിക്കുകയും കുടിവെള്ളം മലിനമാകുകയും ചെയ്യുന്ന സാഹചര്യങ്ങളുമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ വളരെ

ഗൗരവമുള്ളതായി കണക്കാക്കി അവയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ നടത്തും. കൂടാതെ ടി വിഷയം സംബന്ധിച്ച് സമയബന്ധിതമായി ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിയാത്ത നിരവധി വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ കാര്യക്ഷമമായ നടപടികൾക്ക് തുടക്കം കുറിക്കുന്നതാണ്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കടലുണ്ടി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്തംഗങ്ങളുൾപ്പെടെ വാട്ടർ അതോറിറ്റിയുടെ മുന്നിൽ പ്രക്ഷോഭം നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. രൂക്ഷമായ പ്രശ്നമാണിത്. ഇതുമായി ബന്ധപ്പെട്ട ബൂസ്റ്റർ സംവിധാനം കൃത്യതയോടെ പ്രവർത്തിക്കാത്തത് ഒരു പ്രധാന പ്രശ്നമാണ്. കടലുണ്ടി പഞ്ചായത്തിലെ മണ്ണൂർ ഭാഗങ്ങളിലെ ഉയർന്ന പ്രദേശങ്ങളായ പൂച്ചേരിക്കുന്ന്, കീഴ്ക്കോട്, വടക്കുംപാടം, കടലുണ്ടി, ഭജനമഠം, ചാലിയം, മുരുക്കല്ലിംഗൽ തുടങ്ങിയ ഭാഗങ്ങളിലുള്ളവരാണ് ഏറെയും ദുരിതമനുഭവിക്കുന്നത്. കൂടാതെ നിരവധി പ്രദേശങ്ങളിൽ ഈ പ്രശ്നമുണ്ട്. അങ്ങ് അടിയന്തരമായി ഈ പ്രശ്നങ്ങളിൽ ഇടപെടുമോ; കരാറുകാരുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അലംഭാവമുണ്ടെങ്കിൽ അതിൽ ഇടപെടുന്നതിന് പ്രത്യേക യോഗം വിളിച്ചുചേർക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കടലുണ്ടി ഭാഗത്ത് ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രക്ഷോഭങ്ങളും നിരവധി പരാതികളും ഉദ്യോഗസ്ഥ തലത്തിൽ ലഭിക്കുന്നതും ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തൊട്ടാകെ എല്ലാ സ്ഥലങ്ങളിലും ഇത്തരം വിഷയങ്ങളുണ്ട്. ഇതിനുകാരണം കരാറുകാരുടെ കുടിശ്ശിക ദീർഘകാലമായി നൽകാതെ വന്നതും മെയിന്റനൻസിന്റെ തുക പോലും നൽകാൻ കഴിയാത്ത അവസ്ഥയും കഴിഞ്ഞ കുറേ മാസങ്ങളായി നിലനിൽക്കുന്നുണ്ടെന്നുമാണ് പരിശോധനയിൽനിന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മെയിന്റനൻസ് യഥാസമയം നടത്താൻ കഴിയാതെ വന്നാൽ, ആദ്യം അങ്ങ് ചൂണ്ടിക്കാണിച്ചപോലെ, പൈപ്പ് പൊട്ടിയാൽതന്നെ ആര് നന്നാക്കണമെന്നുള്ള വിഷയം വരികയാണ്.

ഉദ്യോഗസ്ഥർക്ക് പോയി നന്നാക്കാൻ കഴിയില്ല. ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടവർക്ക് മാസങ്ങളായി തുക കൊടുക്കാത്തതുകൊണ്ട് അവർ പോകില്ല. ഇത്തരം സ്ഥിതിയാണുള്ളത്. ഇതെല്ലാം നിൽക്കുന്നതുകൊണ്ട് പ്രതിസന്ധികൾ വളരെ രൂക്ഷമാണ്. എങ്കിലും അങ്ങ് ചൂണ്ടിക്കാണിച്ച കടലുണ്ടിയുമായി ബന്ധപ്പെട്ട ഗൗരവമുള്ള പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്. കൂടാതെ അങ്ങയുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്ത് ആവശ്യമായ പരിഹാര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതുമായിരിക്കും.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, കേരളത്തിൽ ഒന്നോ രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാകുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. ഇപ്പോൾ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം ഫെസിലിറ്റേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൽ നടത്തി അതുവഴി ഡിസ്ട്രിബ്യൂഷൻ എന്ന പ്രോസസ്സാണ് നടക്കുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ്... വേഗമായിക്കോട്ടേ......പ്ലീസ്.....

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം കുടിവെള്ളം എന്ന നിലയിലല്ല, മറിച്ച് ശുദ്ധജലം എന്ന രീതിയിലാണ് വേണ്ടത്. അതുവിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; അതിനൊരു നിർദേശമായി സൂചിപ്പിക്കാനുള്ളത്, സ്ക്രീനിങ്, കോഗുലേഷൻ, ഫ്ലോക്കുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ലാബ് ടെസ്റ്റും കൂടാതെ ഏതെങ്കിലും നിലയിൽ ബാക്ടീരിയ കടന്നിട്ടുണ്ടെങ്കിൽ ഡിസ്-ഇൻഫെക്ഷൻ എന്നിവയ്ക്കുശേഷം ഡികന്റേഷൻ (Decantation) എന്ന രീതി എല്ലാ പ്ലാന്റുകളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങ് പറഞ്ഞത് ലാബുവരെയുള്ള പരിശോധനകളെ സംബന്ധിച്ചാണ്. നിലവിൽ അത് നടന്നുവരുന്നുണ്ടെന്നാണ് വകുപ്പിന്റെ നിലപാട്. പക്ഷെ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള കാര്യങ്ങൾ കൃത്യമായി ഉറപ്പുവരുത്തി ചെയ്യാൻ കഴിയുന്നില്ലെന്ന പരാതികൾ ഉയർന്നുവരുന്നുണ്ട്. എന്നാൽ നമുക്ക് ലഭ്യമാകുന്ന മറുപടികളിൽ ഇക്കാര്യങ്ങളെല്ലാം കൃത്യമായി ചെയ്യുന്നതായിട്ടാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതുകൊണ്ട് ഈ വിഷയം പ്രത്യേകമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഗുണനിലവാരമുള്ള ശുദ്ധജലം

നൽകാൻ കഴിയുന്ന വിധത്തിലേക്ക് ജലവിഭവവകുപ്പിനെ മാറ്റുന്നതിനും അതിൽ വന്നിട്ടുള്ള വീഴ്ചകൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിൽ 'അമൃത് 2.0' എന്ന പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല വിതരണത്തിനുള്ള പ്രോജക്ടുകൾ വളരെ ഫലപ്രദമായി നടന്നുവരികയാണ്. അതുപോലെ മറ്റ് പഞ്ചായത്തുകളിലും 'ജൽ ജീവൻ മിഷൻ'-ന്റെ നേതൃത്വത്തിലുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരികയാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തിയാക്കി എന്നത്തേക്ക് വെള്ളം നൽകുന്നതിന് കഴിയുമെന്ന് വ്യക്തമാക്കുമോ;

മി. സ്പീക്കർ: പ്ലീസ്... come to the question......പ്ലീസ്.....

ശ്രീ. പി. മമ്മിക്കുട്ടി: സർ, ശ്രീ. പി. എ. മുഹമ്മദ് റിയാസ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് നൽകാത്തതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് കാലതാമസം നേരിടുന്നുണ്ട്. 'അമൃത് 2.0' പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം നല്ലതുതന്നെയാണ്. എന്നാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സത്വര ഇടപെടലുകൾ നടത്തുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തൊട്ടാകെ ഭൂരിപക്ഷം നിയോജകമണ്ഡലങ്ങളിലും 'ജൽ ജീവൻ മിഷൻ' അടക്കമുള്ള പദ്ധതികൾ തൃപ്തികരമായി മുന്നോട്ടുപോകാത്തതിന്റെ പരാതികളാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ഷൊർണ്ണൂർ-ചെർപ്പുളശ്ശേരി പ്രദേശങ്ങളിൽ പദ്ധതി പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട് എന്നതിൽ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ശ്രമമുണ്ടാകും. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജൽ ജീവൻ മിഷൻ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ പദ്ധതികളുടെ സമയത്ത് റോഡുകൾ നന്നാക്കുന്നതടക്കമുള്ള കാര്യങ്ങൾക്കുവേണ്ടി പണം വകയിരുത്തിയിരുന്നില്ല. താൽക്കാലിക

അറ്റകുറ്റപ്പണികൾക്കുവേണ്ടി മാത്രമാണ് പണം വകയിരുത്തിയിരുന്നത്. അതുമൂലം ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുകയും ഭൂരിപക്ഷം സ്ഥലങ്ങളിലെയും റോഡുകൾ തകർന്നുകിടക്കുകയുമാണ്. നാലും അഞ്ചും ഘട്ടങ്ങളിലേക്ക് എത്തിയപ്പോൾ റോഡിന്റെ റെസ്റ്റോറേഷൻ വർക്കിനുൾപ്പെടെ തുക വകയിരുത്തികൊണ്ടാണ് പ്രവൃത്തി നടപ്പാക്കുന്നത്. രണ്ട് വർഷത്തേക്കുകൂടി കേന്ദ്ര ഗവൺമെന്റ് ജൽ ജീവൻ മിഷന് എക്സ്റ്റെൻഷൻ നൽകിയിട്ടുണ്ട്. അതൊരു ആശ്വാസ നടപടിയാണ്. ഈ രണ്ട് വർഷത്തിനുള്ളിൽ 'ജൽ ജീവൻ മിഷൻ' അടക്കമുള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയണമെന്നാണ് നമ്മൾ ലക്ഷ്യമിട്ടിരിക്കുന്നത്. ഗവൺമെന്റിന് നല്ല നിലയിൽ നേതൃത്വം നൽകുന്നതിന് എല്ലാ എം.എൽ.എ.-മാരും സഹകരിക്കാൻ സന്നദ്ധമാകണം. ഇപ്പോൾ പലതരത്തിലുള്ള കാലതാമസമുണ്ടാകുകയും ധാരാളം പ്രശ്നങ്ങൾ നാം നേരിടേണ്ടിതായും വന്നു. ഭാവിയിൽ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. പ്രേമൻ</u>: സർ, സംസ്ഥാനത്തെ ജലനയം കാലോചിതമായി പരിഷ്കരിക്കാനാവശ്യമായ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് അറിയാൻ ആഗ്രഹമുണ്ട്; മാലിന്യങ്ങൾ അശാസ്ത്രീയമായി തള്ളുന്നതുമൂലമോ, അടിഞ്ഞുകൂടുന്നതുമൂലമോ ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയാനും സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി, വിതരണം കാര്യക്ഷമമാക്കാനും എന്തൊക്കെ പുതിയ സാങ്കേതിക വിദ്യകളാണ് അവലംബിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മാലിന്യങ്ങൾ അടിയുന്നതുമായി ബന്ധപ്പെട്ടും ശുദ്ധജലം സുഗമമായി വിതരണം ചെയ്യുന്നത് സംബന്ധിച്ചും ആദ്യ മറുപടിയിൽ ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ജലനയവുമായി ബന്ധപ്പെട്ട് അങ്ങയുടെ ചോദ്യം പ്രധാനപ്പെട്ട ഒരു നിലപാടായി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിൽ പുതിയ ഗവൺമെന്റ് ചുമതലയേറ്റശേഷം ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആദ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ ജലനയം ഈ സർക്കാർ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2007-08 കാലഘട്ടത്തിൽ ഇതുസംബന്ധിച്ച്

ആലോചന നടന്നിട്ടുണ്ടെങ്കിലും പിന്നീട് പുനരാലോചന നടത്തിയിട്ടില്ല. ജലനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ആവിഷ്കരിക്കുന്നതാണ്. പ്രസ്തുത നയത്തിലൂടെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, റോഡുകളെ സംബന്ധിച്ച കാര്യമാണ് എന്റെ ചോദ്യം. പൈപ്പ് റെസ്റ്റോർ ചെയ്യുന്നതിനോ പൈപ്പ് നന്നാക്കുന്നതിനോ വേണ്ടിയാണ് റോഡ് പൊളിക്കുന്നത്. ഇത്തരത്തിൽ പൊളിക്കുന്ന റോഡുകൾ പിന്നീട് റെസ്റ്റോർ ചെയ്യുന്ന സാഹചര്യമുണ്ടാകുന്നില്ല. മാസങ്ങൾ കഴിഞ്ഞാലും അതിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. റെസ്റ്റോറേഷൻ വർക്കുകൾ നടത്തുന്നതിന് സമയപരിധി നിശ്ചയിക്കുൻ സാധിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ വെട്ടിപൊളിക്കുന്നത് വലിയ പ്രശ്നങ്ങളിലൊന്നായി മാറിയിരിക്കുകയാണ്. അതുസംബന്ധിച്ച് ഞാൻ നേരത്തെ കാര്യങ്ങൾ സൂചിപ്പിച്ചതാണ്. റോഡ് നന്നാക്കാൻ കഴിയാതെ പോകുന്നതിന്റെ പ്രധാന കാരണം അതിനാവശ്യമായ ഫണ്ട് വകയിരുത്താത്തതിനാലാണ്. ആദ്യഘട്ടങ്ങളിൽ റോഡ് പൊളിക്കുമ്പോൾ താൽക്കാലികമായുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുമായിരുന്നു. നല്ല റോഡുകൾ വെട്ടിപ്പൊളിച്ചത് ഇപ്പോഴും അനാഥമായി കിടക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പഞ്ചായത്ത് റോഡ് വെട്ടിപൊളിച്ചാലും പി.ഡബ്ല്യു.ഡി. റോഡ് വെട്ടിപൊളിച്ചാലും അത് നന്നാക്കാൻ കഴിയാത്ത അവസ്ഥ നിലനിന്നിരുന്നു. എന്നാൽ ഭാവിയിൽ വരാൻ പോകുന്ന പദ്ധതികളിൽ റോഡ് റെസ്റ്റോറേഷനുള്ള തുകകൂടി വകയിരുത്തികൊണ്ട് മുന്നോട്ട് പോകാനാണുദ്ദേശിക്കുന്നത്. തീർച്ചയായും ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നതാണ്.

ശ്രീമതി രമ്യ ഹരിദാസ്: സർ, തീരദേശ മേഖലകൂടി ഉൾക്കൊള്ളുന്ന ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ്, കടയ്ക്കാവൂർ, ചിറയിൻകീഴ്, കഠിനംകുളം

ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനായിരുന്ന 'ജൽ ജീവൻ മിഷൻ' പദ്ധതികൾ ആരംഭിച്ചിരുന്നത്. എന്നാൽ അതിനാവശ്യമായ കുടിവെള്ളം ഇപ്പോൾ അവിടെ ലഭ്യമാകുന്നില്ല. അതിനാൽ സംസ്ഥാനത്തെ 'ജൽ ജീവൻ മിഷൻ' പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും ചിറയിൻകീഴ് നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന തീരദേശ മേഖലയിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും ലഭ്യമാക്കുമോ; പ്രസ്തുത മേഖലകളിൽ കുടിവെള്ളം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, തീരദേശത്തെ കുടിവെള്ളവുമായി ബന്ധപ്പെട്ട് വളരെയേറെ സങ്കീർണ്ണമായ സ്ഥിതിയാണ് നിലവിലുള്ളത്. തീരദേശം വെള്ളത്താൽ ചുറ്റപ്പെട്ടതാണെങ്കിലും അവിടെ കുടിവെള്ളം ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട അംഗം രമ്യ ഹരിദാസിന്റെ നിയോജകമണ്ഡലമായ ചിറയിൻകീഴ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ളപ്രശ്നം സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കാര്യമായ ഇടപെടൽ സർക്കാർ തലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നു. സാധാരണഗതിയിൽ, മലയോര പ്രദേശങ്ങളിലോ അല്ലെങ്കിൽ മറ്റ് റോഡുകളിലോയുള്ള അവസ്ഥയിൽനിന്നും തികച്ചും വ്യത്യസ്തമായ സാഹചര്യമാണ് തീരദേശത്തുള്ളത്. തീരദേശത്തും കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്നവിധത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനും നിലവിലുള്ള പദ്ധതികൾ തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകാനും പൂർത്തിയാക്കാനുമുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, ഗുണനിലവാരമുള്ള കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് നിലവിൽ Bottled drinking water, 'കിഡ്ക്' (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് -KIIDC)-ന്റെ നേതൃത്വത്തിൽ ഹില്ലി അക്വ (Hilly Aqua) എന്ന പേരിൽ ജലം നിലവിൽ നൽകുന്നുണ്ട്. അരുവിക്കരയിലും തൊടുപുഴയിലുമാണ് അതിന്റെ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഹില്ലി അക്വ (Hilly Aqua) പോലുള്ള കോർപ്പറേറ്റ് കമ്പനികൾ 20/- രൂപയ്ക്ക് വെള്ളം കൊടുക്കുമ്പോൾ, സർക്കാർ മാവേലിസ്റ്റോർ, റേഷൻ

കടകൾ വഴി ഗുണനിലവാരമുള്ള വെള്ളം 10/- രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്. മലബാർ മേഖലയ്ക്ക് കൂടി ഗുണം ലഭിക്കുന്ന രീതിയിൽ കോഴിക്കോട് ജില്ലയിൽ Bottled drinking water കമ്പനിയുടെ ഒരു യൂണിറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം വളരെ പ്രസക്തിയുള്ളതാണ്. 'കിഡ്ക്' (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് -KIIDC) ആണ് ഗുണനിലവാരമുള്ള കുപ്പിവെള്ളമടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നത്. ഹില്ലി അക്വ (Hilly Aqua) യൂണിറ്റ് അക്കാര്യത്തിൽ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രണ്ട് യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് ബഹുമാനപ്പെട്ട അംഗം ചൂണിക്കാണിക്കുകയുണ്ടായി. അത് ശരിയാണ്. മലബാർ മേഖലയ്ക്കുകൂടി ഗുണം ലഭിക്കത്തക്കവിധത്തിൽ കോഴിക്കോട് കേന്ദ്രമായി ഒരു പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള നിർദേശം സർക്കാർ അനുഭാവപൂർവം പരിഗണിക്കുന്നതോടൊപ്പം ഗൗരവമായി ആലോചിക്കുന്നതുമാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: സർ, കടലും കായലുംകൊണ്ട് ചുറ്റപ്പെട്ട നിയോജകമണ്ഡലമാണ് കൊച്ചി. 40-ഉം 50-ഉം വർഷക്കാലം മുമ്പിട്ട ആസ്ബറ്റോസ് പൈപ്പുകളാണ് നിലവിലുള്ളത്. ഈ പൈപ്പുകളെല്ലാം പൊട്ടി മലിനജലം കുടിക്കേണ്ട ഒരു സാഹചര്യമാണ് കൊച്ചി നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുള്ളത്. അമൃത് മിഷന്റെ ഭാഗമായി അതുമാറ്റി സ്ഥാപിക്കുന്നതിന് രണ്ട് പ്രധാനപ്പെട്ട പദ്ധതികളുണ്ടായിരുന്നു. പദ്ധതിയുടെ കരാറുകാരുമായി ബന്ധപ്പെട്ട് ടെൻഡർ ചെയ്ത നടപടിയിൽ തുക എക്സസ് ആയി വന്നതിനാൽ ടി പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. നിരന്തരം ഈ പദ്ധതി ഉപേക്ഷിക്കുന്ന അവസ്ഥ വന്നാൽ ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്ക് എന്നാണ് ലഭിക്കുന്നത്; അമൃത് മിഷന്റെ ഭാഗമായുള്ള രണ്ട് പദ്ധതികളും പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മുഹമ്മദ് ഷിയാസ് ചൂണ്ടിക്കാണിച്ച വിഷയം പരാതിയായി എഴുതി നൽകിയിട്ടുണ്ട്. പ്രാഥമികമായി വകുപ്പുതലത്തിൽ ഇക്കാര്യങ്ങൾ പരിശോധിച്ചു. കൊച്ചിയിൽ തൃപ്തികരമായി കുടിവെള്ള

വിതരണം നടക്കുന്നില്ല. പഴയ കാലത്തുള്ള പൈപ്പുകൾ പൊട്ടി ധാരാളം പ്രശ്നങ്ങൾ ഉണ്ടാവുകയാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ 29-06-2026-ന് ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനത്തിന്റെ പശ്ചാതലത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വിഷ്ണു മോഹൻ: സർ, സൗജന്യ കുടിവെള്ള പദ്ധതി ഉപഭോക്താക്കളായിരുന്ന സുനാമി ഫ്ലാറ്റുകൾ, മത്സ്യഗ്രാമങ്ങൾ, പട്ടികജാതി കോളനികളിലൊക്കെ ഭീമമായ വാട്ടർ കുടിശ്ശിക വന്നതുകൊണ്ട് അവർക്ക് നോട്ടീസ് അയച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മയ്യനാട് ഉൾപ്പെടെ ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുകയും അത് ആരോഗ്യ വകുപ്പിനുൾപ്പെടെ വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം മുപ്പതിലധികം പേർക്കും ഈ വർഷം നാല്പതോളം പേർക്കും മഞ്ഞപ്പിത്തം പിടിപെട്ട സാഹചര്യത്തിൽ സുനാമി ഫ്ലാറ്റുകൾ, മത്സ്യഗ്രാമങ്ങൾ എന്നിവിടങ്ങളിലുള്ള സൗജന്യ കുടിവെള്ള ഉപഭോക്താക്കളായിരുന്നവർക്ക് വലിയരീതിയിലുള്ള വാട്ടർ കുടിശ്ശിക വന്നിരിക്കുന്ന സാഹചര്യത്തിൽ അവരുടെ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, കേരള വാട്ടർ അതോറിറ്റി വളരെ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അതിനാൽ കുടിശ്ശിക തുക എഴുതിത്തള്ളാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. മാനുഷിക പ്രശ്നമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞാൻ ജലവകുപ്പിന്റെ ചുമതലയേറ്റതിനുശേഷം, ജനങ്ങൾ കാര്യമായി വെള്ളം ഉപയോഗിക്കാതിരുന്നിട്ടും ഭീമമായ തുകയുടെ ബില്ല് വരുന്നതായി എല്ലാ ജില്ലകളിൽനിന്നും പരാതികൾ ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സാമ്പത്തികമായി പ്രയാസപ്പെടുന്നവരുണ്ട്. പ്രസ്തുത വിഷയത്തെക്കുറിച്ച് ഒരു അദാലത്ത് ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് സർക്കാർതലത്തിൽ

ആലോചിക്കുന്നതാണ്. അർഹതപ്പെട്ട/പാവപ്പെട്ട ഗുണഭോക്താക്കളെ ഈ സാമ്പത്തിക ബുദ്ധിമുട്ടിൽനിന്ന് ഒഴിവാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്. ബില്ലിന്റെ പേരിൽ ബുദ്ധിമുട്ടുണ്ടായിരിക്കുന്ന ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ സർക്കാർ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതായിരിക്കും.

മി. സ്പീക്കർ: കുടിവെള്ളത്തിന്റെ പ്രശ്നമായതുകൊണ്ടും അത് വളരെ സങ്കീർണമായതുകൊണ്ടും ധാരാളം അംഗങ്ങൾ ഉപചോദ്യങ്ങൾക്ക് പേര് നൽകിയിട്ടുണ്ട്. വെള്ളംപോലെ തന്നെ അത് ഒഴുകുകയാണ്. സമയം അതിക്രമിച്ചതിനാൽ അടുത്ത ചോദ്യത്തിലേക്ക് കടക്കുകയാണ്.

**പട്ടികജാതി വിഭാഗം വിദ്യാർഥികൾക്കുള്ള പ്രോത്സാഹനങ്ങൾ**

4(*64) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവുതെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകിവരുന്നത്; വിശദമാക്കാമോ;

(ബി) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായുള്ള ആക്ഷേപം പരിശോധിക്കുമോ;

(സി) സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മെഡലുകളും സമ്മാനത്തുകയും കുടിശ്ശിക സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*24-06-2026*
*Question Hour*

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): സർ, (എ) പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവുതെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

വിവിധ പരീക്ഷകൾക്ക് ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2,500/- മുതൽ 12,000/- രൂപ വരെ ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി.

2. ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്.

4, 7 ക്ലാസുകളിൽ വാർഷിക പരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെയും കലാ കായിക മത്സരങ്ങളുൾപ്പെടെയുള്ള പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളിൽനിന്നും വരുമാനംകൂടി പരിഗണിച്ച് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. യു.പി. വിഭാഗത്തിന് പ്രതിവർഷം 5,000/- രൂപ നിരക്കിലും എച്ച്.എസ്. വിഭാഗത്തിന് പ്രതിവർഷം 5,500/- രൂപ നിരക്കിലും സ്കോളർഷിപ്പ് നൽകുന്നു. പദ്ധതിപ്രകാരം അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. വരുമാനം 30,000/- രൂപയിൽ താഴെയുള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായകമായി 3,000/- രൂപ കൂടി നൽകുന്നു.

(ബി) എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്വർണ്ണ മെഡൽ പദ്ധതി 2020 വർഷം മുതൽ നടപ്പിലാക്കിയിട്ടില്ല.

(സി&ഡി) സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 10,000/- രൂപ ക്യാഷ് പ്രൈസ് അനുവദിക്കുന്ന 'സർഗോത്സവം' പദ്ധതി 2019 വർഷം മുതൽ നടപ്പിലാക്കിയിട്ടില്ല. കോവിഡുമൂലം 2021, 2022 എന്നീ വർഷങ്ങളിൽ സ്കൂൾ കലോത്സവങ്ങൾ ഒഴിവാക്കിയിരുന്നു.

നിലവിൽ 2019, 2020, 2023, 2024, 2025 എന്നീ വർഷങ്ങളിലെ കലോത്സവ വിജയികൾക്കാണ് ക്യാഷ് പ്രൈസ് വിതരണം ചെയ്യേണ്ടതുണ്ട്. കോവിഡ് കാലഘട്ടത്തിൽ മുടങ്ങിയ ടി പദ്ധതി പുനരാരംഭിച്ചിട്ടില്ല.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, എസ്.സി./എസ്.ടി. വകുപ്പ് പഠനമുറികൾ അനുവദിക്കുണ്ട്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പഠനമുറി എസ്.എസ്.എൽ.സി., പ്ലസ് ടു കഴിഞ്ഞ വിദ്യാർഥികൾക്കാണ് നൽകാറുള്ളത്. എന്റെ നിയോജകമണ്ഡലത്തിന്റെ അതിർത്തി പ്രദേശങ്ങളിലുള്ള നല്ലൊരു ശതമാനം കുട്ടികളും കർണ്ണാടകയിലാണ് പഠിക്കുന്നത്. അക്കാരണത്താൽ, കഴിഞ്ഞ കുറേ വർഷങ്ങളായി കർണ്ണാടകയിൽ പഠിക്കുന്ന കേരളത്തിലെ കുട്ടികൾക്ക് പഠനമുറി നിഷേധിക്കപ്പെടുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ഞാനും ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ആ കുട്ടികൾക്കുകൂടി പഠനമുറി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. എ. തുളസി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വിശദമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പഠനമുറി നൽകുന്നുണ്ട്. ഇന്ത്യയിൽ വയോജന വകുപ്പ് രൂപീകരിച്ച ഏകസംസ്ഥാനം കേരളമാണ്. ബഹുമാന്യനായ ശ്രീ. വി. ഡി. സതീശൻ മുഖ്യമന്ത്രിയായതിനുശേഷമാണത് രൂപീകരിച്ചത്. എസ്.സി./എസ്.ടി. കോളനികളിൽ നിരവധി വയോജനങ്ങളുണ്ട്. അവരുടെ ബുദ്ധിമുട്ടുകൾ നേരിട്ടുകണ്ടിട്ടുള്ള ഒരാളാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള ധാരാളം കേന്ദ്രങ്ങളുണ്ട്. പഠനമുറി അനുവദിക്കുന്നതുപോലെ, വയോജന വകുപ്പ് രൂപീകരിച്ച സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വയോജനമുറി ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ?

ശ്രീമതി കെ. എ. തുളസി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. അതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ മിടുക്കരായ വിദ്യാർഥികൾക്ക് **ഉന്നതി** ഓവർസീസ് സ്കോളർഷിപ്പ് നൽകാറുണ്ട്. കഴിഞ്ഞ

*24-06-2026*
*Question Hour*

രണ്ടുവർഷങ്ങളിലായി എത്രത്തോളം കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്; ഗ്രാന്റ് ലഭിക്കാത്ത എത്ര കുട്ടികൾ പഠനം നിർത്തി പോയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീമതി കെ. എ. തുളസി: സർ, കഴിഞ്ഞ കാലയളവിൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതെപോയ സാഹചര്യമുണ്ട്. അതുസംബന്ധിച്ച് വകുപ്പ് പരിശോധിച്ചുവരികയാണ്. കൃത്യമായ വിവരശേഖരണം നടത്തി അതിന്റെ വിവരം ലഭ്യമാക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശത്ത് ഉപരിപഠനം നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത്?

ശ്രീമതി കെ. എ. തുളസി: സർ, വിദേശത്തെ അംഗീകൃത സർവകലാശാലകളിൽനിന്നും ഉന്നതവിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്കായി വകുപ്പ് ഒഡെപെക് (ODEPC) വഴി പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന കോഴ്സും പോകാനുദ്ദേശിക്കുന്ന സ്ഥാപനത്തെയും സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയാണ് അനുവദിക്കുന്നത്. അത് ഇപ്പോൾ നടന്നുവരുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരവേള കഴിഞ്ഞു.)

* * *